പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 166

13.07.2016 ൽ
മറുപടിയ്ക്ക്

## ക്രമസമാധാനപാലനവും അന്വേഷണവും വേർതിരിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ. നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് വകുപ്പിൽ ലോ & ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) പ്രകാശ് സിംഗ് & അദേഴ്സ് vs യൂണിയൻ ഓഫ് ഇന്ത്യ & അദേഴ്സ് എന്ന WP(C)310/1996 നമ്പർ കേസ്സിൽ ബഹു. സുപ്രീം കോടതി 22.9.2006 ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിലെ പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന പരിപാലന ചുമതലയും, കുറ്റാന്വേഷണ ചുമതലയും വേർതിരിച്ചുകൊണ്ട് 27.12.2006 ൽ സ.ഉ.(സാധാ) 3069/2006/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഏത് രീതിയിൽ നടപ്പാക്കണമെന്ന് 25.1.2010 ൽ സർക്കുലർ നം.5/2010 പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ, ഇതിനായി പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ? | ബി) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിക്കുന്നതിലെ ഭരണപരവും, സാമ്പത്തികവും, പ്രായോഗികവുമായ വശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 24.8.2012 ൽ സ.ഉ.(സാധാ)7253/2012/പൊ.ഭ. നമ്പർ ഉത്തരവ് പ്രകാരം ഒരു ഏകാംഗ കമ്മീഷനെ നിയോഗിക്കുകയും, ടി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള സംസ്ഥാന പോലീസ് മേധാവിയുടെ അഭിപ്രായം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ